# Phone call between External Affairs Minister and Foreign Minister of Madagascar

March 01, 2021

---

### ഇന്ത്യൻ വിദേശകാര്യമന്ത്രിയും മഡഗാസ്കർ വിദേശകാര്യമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

മാർച്ച് 01, 2021

കടുത്ത വരൾച്ചയെത്തുടർന്ന് തെക്കൻ മഡഗാസ്കറിൽ നടന്നുകൊണ്ടിരിക്കുന്ന മാനുഷിക പ്രതിസന്ധിയെ നേരിടാൻ അന്താരാഷ്ട്ര ഐക്യദാർഢ്യത്തിനും സഹായത്തിനും ആവശ്യപ്പെട്ട് മഡഗാസ്കർ സർക്കാർ അടിയന്തിരമായി നൽകിയ അഭ്യർത്ഥനയ്ക്ക് മറുപടിയായി, ഇന്ത്യൻ സർക്കാർ 1000 മെട്രിക് ടൺ അരിയും 100,000 എച് സി ക്യു ഗുളികകളും മഡഗാസ്കറിലേക്ക് കയറ്റുമതി ചെയ്യുന്നു.മാർച്ച് 3 ന് ഭക്ഷണ-വൈദ്യസഹായവുമായി പുറപ്പെടുന്ന ഇന്ത്യൻ നാവിക കപ്പലായ ജലാശ്വയിലാണ് സഹായങ്ങൾ അയക്കുന്നത് ഇത് 2021 മാർച്ച് 21 മുതൽ 24 വരെയുള്ള തിയ്യതികളിൽ മഡഗാസ്കറിലെ എഹോല തുറമുഖത്ത് എത്തിച്ചേരുമെന്നു പ്രതീക്ഷിക്കുന്നു.

മഡഗാസ്കർ സർക്കാരിനു വേണ്ടിയുള്ള ഇന്ത്യയുടെ പെട്ടന്നുള്ള ഈ സഹായം ഇന്ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ മഡഗാസ്കർ വിദേശകാര്യ മന്ത്രി ഡോ. തെഹിന്ദ്രാസനാരിവെലോ ജാക്കോബ എ.എസ് ഒലിവയുമായി നടത്തിയ ഫോൺ സംഭാഷണത്തിൽ അറിയിച്ചു. ഫോൺ സംഭാഷണത്തിനിടെ, ഇന്ത്യയും മഡഗാസ്കറും തമ്മിലുള്ള മികച്ച ഉഭയകക്ഷി ബന്ധത്തെയും സൗഹൃദത്തേയും വിദേശകാര്യമന്ത്രി അനുസ്മരിക്കുകയും, ഇത്തരം മാനുഷിക പ്രതിസന്ധികളിൽ മഡഗാസ്കറിലെ ജനങ്ങളെ സഹായിക്കേണ്ടിവരുമ്പോൾ ആദ്യം പ്രതികരിക്കുന്നവരിൽ ഇന്ത്യ എല്ലായ്പ്പോഴും മുൻപന്തിയിലുണ്ടാകുമെന്നു അറിയിക്കുകയും ചെയ്തു.

2018 സെപ്റ്റംബറിൽ ഇന്ത്യൻ നാവിക കപ്പലിൽ 1000 മെട്രിക് ടൺ അരി മഡഗാസ്കറിലേക്ക് കയറ്റി എത്തിച്ചിരുന്നു. മഡഗാസ്കറിൽ ആഞ്ഞടിച്ച ഡയാൻ ചുഴലിക്കാറ്റിൽ ഇന്ത്യൻ നാവികസേനയാണ് ആദ്യം പ്രതികരണവുമായെത്തിയത് കൂടാതെ 2020 ജനുവരിയിൽ ഐ എൻ എസ് ഐരാവത് ഓപ്പറേഷൻ വാനില എന്ന പേരിൽ സഹായവും നൽകിയിരുന്നു. മഡഗാസ്കറിന്റെ വടക്കൻ മേഖലയിലെ കനത്ത വെള്ളപ്പൊക്കത്തെ

നേരിടുന്നതിനുള്ള എച് ഡി എ ആർ സഹായവുമായി ഇന്ത്യയിൽ നിന്നും 2020 മാർച്ചിൽ ഐ എൻ എസ് ശർഡുൾ, ആന്റീസിരനാന തുറമുഖം സന്ദർശിക്കുകയും 600 ടൺ അരി വിതരണം ചെയ്യുകയും ചെയ്തിരുന്നു.

ഇന്ത്യൻ മഹാസമുദ്രത്തിലെ ഒരു സമുദ്ര അയൽരാജ്യമെന്ന നിലയിൽ മഡഗാസ്കറിലെ ഭരണകൂടത്തിനും ജനങ്ങൾക്കും എല്ലായ്പ്പോഴും ഇന്ത്യൻ ഭരണകൂടത്തിന്റെയും ജനങ്ങളുടെയും പിന്തുണയിലും ഐക്യദാർഢ്യത്തിലും ആശ്രയിക്കാമെന്ന് മഡഗാസ്കർ വിദേശകാര്യ മന്ത്രിക്ക് ഇന്ത്യൻ വിദേശകാര്യമന്ത്രി ഉറപ്പ് നൽകി. പരസ്പര താൽപ്പര്യമുള്ള മറ്റ് വിഷയങ്ങളും രണ്ട് മന്ത്രിമാർ തമ്മിൽ ചർച്ച ചെയ്തു.

ഈ യാത്രയ്ക്കിടെ, ഐ എൻ എസ് ജലാശ്വയിൽ, മഡഗാസ്കറിലെ മലഗാസി പ്രത്യേക സേനയുടെ പരിശീലനത്തിനും വിഭവ ശേഷി വർദ്ധനവിവും സഹായകമായുന്നതിന് ഇന്ത്യയിൽ നിന്നുള്ള നാവിക സംഘത്തെയും രണ്ടാഴ്ചത്തേക്ക് വിന്യസിക്കുന്നതാണ്.

ഐ എൻ എസ് ജലാശ്വ, കൊമോറോസ് റിപ്പബ്ലിക്കിലെ ആൻജൂൺ തുറമുഖം കൂടി സന്ദർശിക്കുകയും 1000 മെട്രിക് ടൺ ഇന്ത്യൻ അരി വിതരണം ചെയ്യുകയും ചെയ്യുന്നതാണ്, ഭക്ഷണ സഹായത്തിനായുള്ള ഈ വിതരണം 2019 ഒക്ടോബർ മാസത്തിലെ സന്ദർശനത്തിനിടയിൽ ഇന്ത്യൻ ഉപരാഷ്ട്രപതി വാഗ് ദാനം ചെയ്തിരുന്നതാണ്.

പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ സാഗർ എന്ന കാഴ്ചപ്പാടിലും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സമ്പൂർണ സുരക്ഷാ ദാതാവ് എന്ന നിലയിലുള്ള ഇന്ത്യയുടെ കാലങ്ങളായി തെളിയിച്ചെടുത്ത ചുമതലയിലും അധിഷ്ഠിതമായാണ് മഡഗാസ്കർ, കൊമോറോസ് എന്നീ രാജ്യങ്ങളിലേക്ക് ഭക്ഷ്യസഹായവും വിഭവശേഷി വർദ്ധനവിനുള്ള പിന്തുണയും നൽകുന്നത്.

**ന്യൂ ഡൽഹി**

**01 മാർച്ച്, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.